LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ പുതിയ നോട്ടറിമാർ

164 (6336) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോട്ടറിമാരായി നിയമിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും, പ്രസ്തുത അപേക്ഷകളുടെ പരിശോധന പൂർത്തിയായോ എന്നും വിശദമാക്കുമോ ;

(ബി) പരിശോധന പൂർത്തിയാക്കി നോട്ടറിമാരെ എന്ന് തിരഞ്ഞെടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) & (ബി) നോട്ടറിമാരായി നിയമിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നിന്നും 86 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയുടെ പരിശോധന പൂർത്തിയായിട്ടില്ല.

ഗോ ഹോർ ഗോൾഡ് പദ്ധതി

165 (6337) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 കായിക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ കായിക വികസനത്തിനായി എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ; ഇവയിൽ ഏതൊക്കെ പരിപാടികൾ ഇതുവരെ പ്രാവർത്തികമാക്കി ;

(ബി) ഇതോടനുബന്ധിച്ച് സർക്കാർ തയ്യാറാക്കിയ സ്പോർട്ട്സ് കലണ്ടറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സ്പോർട്ട്സ് കലണ്ടർ അനുസരിച്ച് ഇതുവരെ എന്തൊക്കെ പരിപാടികൾ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 2016 ഒളിമ്പിക്സിൽ ഒരു സ്വർണ്ണമെഡൽ നേടുക എന്ന ലക്ഷ്യത്തിനായി "ഗോ ഹോർ ഗോൾഡ്" എന്ന പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് സർക്കാർ ലക്ഷ്യമിടുന്നത് ;

(ഇ) പ്രസ്തുത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി അന്താരാഷ്ട്ര പ്രശസ്തരായ കോച്ചുകളുടെ സേവനം ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഇത്തരം കോച്ചുകളുടെ നിയമനം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 2010 കായിക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ താഴെ പറയുന്ന പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്.

1. കേരള സ്പോർട്സ് ആക്ട് സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുക.
2. സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി.
3. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
4. വിഷൻ ഇന്ത്യാ കേരള പദ്ധതി.
5. കായിക താരങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.
6. കേരളത്തിന്റെ ഒളിമ്പിക്സ് സ്വപ്നമായ അത്ലറ്റിക്സിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള ഗോ ഫോർ ഗോൾഡ് പദ്ധതി.
7. കേരളാ ഗെയിംസ്.
8. പഞ്ചായത്തുകളുടെ സഹായത്തോടെ മുഴുവൻ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി.

മേൽ പറഞ്ഞവയിൽ കേരള സ്പോർട്സ് ആക്ട് പൂർണ്ണമായും നടപ്പിലാക്കുന്ന കാര്യം അന്തിമ ഘട്ടത്തിലാണ്. വിഷൻ ഇന്ത്യാ കേരള പദ്ധതി, സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി, വിദ്യാർത്ഥികൾക്കുള്ള നീന്തൽ പരിശീലന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി 398 ഗ്രാമപഞ്ചായത്തുകളിലും 3 കോർപ്പറേഷനുകളിലും 29 മുനിസിപ്പാലിറ്റികളിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്.

2. പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ (പൈക്ക) പദ്ധതി 100 പഞ്ചായത്തുകളിലും 16 ബ്ലോക്കുകളിലും നടപ്പിലാക്കി. 2009-2010-ൽ 100

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളിലും 15 ബ്ലോക്കുകളിലും പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

3. സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി നടപ്പിലാക്കി.

4. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി.

5. റിഷൻഇന്ത്യാ കേരളപദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി.

6. സംസ്ഥാനത്തെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കുമുള്ള നീന്തൽ പരിശീലനം ആരംഭിച്ചു.

7. ജി.വി.രാജാ ഫുട്ബോൾ ടൂർണ്ണമെന്റ് പുനരാരംഭിച്ചു.

8. ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം/നീന്തൽക്കുളം എന്ന പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും കോളേജുകൾക്കുമായി കളിസ്ഥല/നീന്തൽക്കുളനിർമ്മാണത്തിനും നവീകരണത്തിനുമായി സ്പോർട്സ് കൗൺസിലിൽ നിന്നും ധന സഹായം നൽകി വരുന്നു.

മലപ്പുറത്ത് ആരംഭിക്കുന്ന ഫുട്ബോൾ അക്കാഡമിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടന്നു. പിരപ്പൻകോട് അന്തർദ്ദേശീയ സ്വിമ്മിംഗ് പൂൾ, ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം എന്നിവയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. 35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നടത്തുന്ന നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു. തലശ്ശേരി സർക്കസ് അക്കാഡമിയുടെ പ്രവർത്തനം 2010 ആഗസ്റ്റ് ആദ്യവാരം ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്.

(ഡി) 2016-ൽ ബ്രസീലിൽ നടക്കുന്ന ഒളിമ്പിക്സിൽ അത്ലറ്റിക്സ് ഇനത്തിൽ ഒരു മെഡൽ നേടുക എന്ന ലക്ഷ്യം വച്ച് രൂപീകരിച്ചിട്ടുള്ള പദ്ധതിയാണിത്. ഇതിനുവേണ്ടി തിരുവനന്തപുരം കേന്ദ്രമാക്കി Elite Athletic Training Centre (EATC) തുടങ്ങാനും ആയതിനെ സർക്കാർ, സ്പോർട്സ് കൗൺസിൽ, സംസ്ഥാന അത്ലറ്റിക്സ് അസോസിയേഷൻ പ്രതിനിധികളും വിദഗ്ദ്ധരുമടങ്ങുന്ന ഒരു ട്രസ്റ്റിന്റെ കീഴിൽ കൊണ്ടുവരുവാനും ഉദ്ദേശിക്കുന്നുണ്ട്. EATC ഒരു ദേശീയ കോച്ചിംഗ് സെന്ററായി അംഗീകരിക്കപ്പെട്ടാൽ ചെലവിന്റെ ഏറിയ പങ്കും സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) & (എഫ്) ഉണ്ട്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly